- -

FIRST SEMESTER DEGREE EXAMINATION DEC/JAN 2015-16

(2015 Admission)

CC15UMAL1A01 മലയാള സാഹിത്യം - 1

---

സമയം മൂന്നു മണിക്കൂർ — മാർക്ക് 80

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക ഓരോന്നിനും 1/2 മാർക്കുവീതം**

1 "ആജ്ഞയാ കോല ഭൂപസ്യ" രചിക്കപ്പെട്ട കൃതി ഏത് ?

2 ഉണിച്ചന്ത്രോർക്കുവേണ്ടി അങ്കം വെട്ടിയതാര് ?

3 സംക്രന്ദനാത്മജൻ ആരാണ് ?

4 പൂന്താനത്തിന്റെ സമകാലികനെന്നു വിശ്വസിയ്ക്കപ്പെടുന്ന കേരളീയ സംസ്കൃതകവി ?

5 വവ്വാലുകളെ നശിപ്പിയ്ക്കാനുള്ള 'സുന്ദരമായ ഐഡിയ' എന്തായിരുന്നു?

6 കല്പാന്തം എന്ന കഥയിലെ ആഖ്യാതാവ് ആര് ?

7 'ഉണ്ടെന്നോ ഇല്ലെന്നോ തെളിയാതെ എഴുതിക്കോളൂ' ആരെക്കുറിച്ചാണ് നളിനി ഇപ്രകാരം പറയുന്നത് ?

8 'ഒരിയ്ക്കലും കിട്ടാത്ത സ്നേഹമന്വേഷിച്ചു പോയി വളപട്ടണം പുഴയുടെ കൈവഴികളിലെങ്ങോ അനാഥമായത്' ആരാണ് ?

9 തെയ്യുണ്ണി ഫീബിയെ പരിചയപ്പെടുന്നത് എവിടെവെച്ച് ?

10 'ഇത്തരമോരോ ദുർവാക്കുകളെച്ചിലരുപറഞ്ഞു ദുഷിച്ചു തുടങ്ങി'- ആരെയാണ് ദുഷിച്ചത്?

(10 x 5 = 5 marks)

**II ഒന്നോരണ്ടോവാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ട് മാർക്ക് വീതം**

11 തസ്കരനെ വാത്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു. സന്ദർഭം ഏത്? വിശദമാക്കുക.

12 നാടൻ പാട്ടിൽ, സൂര്യാസ്തമയത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പ്രയോഗമേത്? അതിന്റെ ഔചിത്യമെന്ത്?

13 ജാംബവാന് രത്നം ലഭിക്കാനിടയായതെങ്ങനെ ?

14 ക്ഷേത്രത്തിന്റെ മാളികപ്പുറത്ത് ആളുകളും കുട്ടികളും വളർത്തുമൃഗങ്ങളും ഐക്യമത്യത്തോടെ കഴിയാൻ ഇടയാക്കിയ സാഹചര്യമെന്ത് ?

15 കഥാകാരന്റെ ഏതു സ്വഭാവത്തെയാണ് ജന്തുപൂജയായി ഭാര്യ വ്യാഖ്യാനിയ്ക്കുന്നത് ?

(5 x2 = 10 marks)

**III ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.**

16 "പത്മവിലോചനൻ തന്നുടെ ശീലമോ
കല്പക ശാഖിയെപ്പോലെയല്ലോ-" എന്താണ് വിവക്ഷിതം?

17 "കല്ലുകൊണ്ടോ മനം താവകമാകില-
ക്കല്ലിനുമാർദ്രതയുണ്ടിതുകാണുമ്പോൾ" ഗാന്ധാരി ഇങ്ങനെ പറയാൻ കാരണമെന്ത്?

18 "കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം" സന്ദർഭം വിശദമാക്കുക

19 ചേന്നപ്പറയന്റെ നായ കുടിലിനെ കള്ളന്മാരിൽനിന്ന് രക്ഷിച്ചതെങ്ങനെ?

20 'സഖാവ് മൂർഖന്റെ' ആഗമനത്തെ കഥാകാരൻ വർണ്ണിയ്ക്കുന്നതെങ്ങനെ?

21 ഭാസ്കരന്റെ രഹസ്യങ്ങൾ രുഗ്മിണി അറിയാനിടവന്നത് ഏതു സാഹചര്യത്തിലാണ് ?

22 "വേലികൾതന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു" ആളുകൾ ഇപ്രകാരം പറയാനിടയായതെന്തുകൊണ്ട്? വിശദീകരിയ്ക്കുക

(5 x 5 = 25 marks)

**IV ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഒരോന്നിനും 10 മാർക്ക് വീതം**

23 ഗൾഫ് പ്രവാസത്തിന്റെ അനന്തരഫലമെന്ന നിലയിൽ 'രണ്ട് എളാപ്പമാർ' എന്ന കഥയെ വിലയിരുത്തുക

24 'ഒരുകലാകാരി എന്ന അസ്തിത്വമാണ് നളിനിയുടെ ദുരിതങ്ങളെ സഹനീയമാക്കുന്നത്-' ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക

25 മാപ്പിളപ്പാട്ട് സാഹിത്യത്തിന്റെ സവിശേഷതകൾ ബദറുൽമുനീർ ഹുസുനുൽ ജമാൽ എന്ന കൃതിയെ മുൻനിർത്തി വിശകലനം ചെയ്യുക

26 ചെറുശ്ശേരിയുടെ വർണ്ണനാപാടവം 'കുചേലസത്ഗതി' എന്ന പാഠ്യഭാഗത്ത് എത്രത്തോളം പ്രകടമാകുന്നുണ്ട്? വിശദീകരിക്കുക

27 വർത്തമാനകാലം സൃഷ്ടിയ്ക്കുന്ന വ്യാജ പ്രതിച്ഛായകളിൽ കുടുങ്ങിപ്പോകുന്ന കൗമാരത്തിന്റെ വിഹ്വലതകളാണ് 'അവൾ ഒരു കുട്ടിയായിരുന്നപ്പോൾ' പങ്കുവെയ്ക്കുന്നത്. വിശദീകരിയ്ക്കുക

28 കരുണരസത്തിന്റെ ആവിഷ്കരണത്തിൽ എഴുത്തച്ഛനുള്ള മികവത്രയും 'ഗാന്ധാരി വിലാപത്തി'ൽ പ്രത്യക്ഷപ്പെടുന്നുണ്ട് വിശദീകരിയ്ക്കുക

(4 x 10 = 40 marks)

*******